കാലാവധി അവസാനിക്കുകയും തുടർന്ന് കരാറുകാരൻ ശേഷിച്ച പണികൾ ചെയ്യുന്നതിൽനിന്നും തന്നെ ഒഴിവാക്കുകയോ അല്ലെങ്കിൽ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിൽ 27.52% ടെണ്ടർ അധികത്തോടെ പണി ചെയ്യുവാനായി അനുമതി നൽകുകയോ വേണമെന്നാവശ്യപ്പെട്ടു. ഇക്കാര്യം പരിശോധിച്ച് ശേഷിച്ച പണികൾ 1982 ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തുകയുടെ 27.52% അധികത്തിൽ അതേ കരാറുകാരനെ ഏൽപ്പിക്കാൻ ഗവൺമെൻറ് 29–6–1983–ൽ ഉത്തരവ് പുറപ്പെടുവിച്ചു. പണി പൂർത്തിയാക്കുന്നതിന് 31–3–1987 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. ഈ കാരണങ്ങളാലാണ് പണി നീണ്ടുപോകാൻ ഇടയായത്.

കിള്ളിപ്പാലം–കരമനപ്പാലം റോഡ്

112 [124] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ എൻ.എച്ച്. 47–ൻെറ ഭാഗമായ കിള്ളിപ്പാലം മുതൽ കരമനപ്പാലം വരെയുള്ള റോഡ് വീതി കുറഞ്ഞതും പതിനായിരക്കണക്കിന് വാഹനങ്ങൾ ദിവസവും കടന്നുപോകുന്നതുമാണെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് തീരെ വീതികുറവായതുകാരണം ട്രാഫിക് തടസ്സങ്ങൾ നിരന്തരം ഉണ്ടാകുന്നു എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഭാഗത്തെ റോഡ് വീതികൂട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ:

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

ഉത്തരം

(എ, ബി) ഉണ്ട്

(സി) റോഡ് വീതികൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) നാറ്റ്പാക് തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ 46.82 ലക്ഷംരൂപ ഉദ്ദേശം അടങ്കൽ തുകയുടെ ഒരു എസ്റ്റിമേറ്റ് നാഷണൽ ഹൈവേചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ഇപ്പോൾ ഗവൺമെൻറിൻെറ പരിശോധനയിലാണ്.

നേമം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

113 [125] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡിൻെറ പണി ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly